# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2018 ഡിസംബർ 11, ചൊവ്വ

**നമ്പർ 149**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

[ശബരിമലയിലെ നിരോധനാജ്ഞ പിൻവലിക്കണമെന്ന ആവശ്യം ഉന്നയിച്ച് ചോദ്യോത്തരവേളയുടെ തുടക്കത്തിൽ തന്നെ പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിലിറങ്ങി മുദ്രാവാക്യം വിളിക്കുകയും സഭാ നടപടികൾ തടസ്സപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തു]

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ രണ്ടെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

[സഭാ നടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യത്തിൽ സ്പീക്കർ ചോദ്യോത്തരവേളയുടെ ശേഷിക്കുന്ന ഭാഗം റദ്ദ് ചെയ്ത് തുടർ നടപടികളിലേക്ക് കടന്നു]

ശ്രദ്ധ ക്ഷണിക്കൽ :

1. പമ്പാ നദിയെ പുനരുജ്ജീവിപ്പിക്കുന്നതിനായി രണ്ടാം ഘട്ട പമ്പാ ആക്ഷൻ പ്ലാൻ നടപ്പാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. രാജു എബ്രഹാം ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതിന് ഒരു നോട്ടീസ് നൽകിയിരുന്നു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന മേശപ്പുറത്ത് വച്ചു.

2. വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിന് സംസ്ഥാനത്തെ ബാങ്കുകൾ കാട്ടുന്ന വിമുഖത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. അബ്ദുൽ ഹമീദ്. പി. മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതിന് ഒരു നോട്ടീസ് നൽകിയിരുന്നു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന മേശപ്പുറത്ത് വച്ചു

KNPP. 2/2019(i).

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ</u> :

ചട്ടം 304 പ്രകാരം അംഗങ്ങൾ നൽകിയ താഴെപ്പറയുന്ന നോട്ടീസുകൾക്ക് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവനകൾ മേശപ്പുറത്തുവച്ചു :

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. എൻ. എ. നെല്ലിക്കുന്ന് | ഇതര സംസ്ഥാന ആശുപത്രികളിൽ ജനിക്കുന്ന കേരളത്തിൽ സ്ഥിര താമസക്കാരായ മാതാപിതാക്കളുടെ കുട്ടികളുടെ ജനന സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ | മുഖ്യമന്ത്രി |
| 2 | ശ്രീ. എൻ. ഷംസുദ്ദീൻ | ആൾക്കൂട്ട ആക്രമണം തടയുന്നതിനുള്ള നിയമനിർമ്മാണവും ബോധവത്കരണവും | മുഖ്യമന്ത്രി |
| 3 | ശ്രീ. ബി. ഡി. ദേവസ്സി | കൊരട്ടിയിലെ വൈഗാ ത്രെഡ്സ് കമ്പനിക്ക് സർക്കാർ നൽകിയ സ്ഥലം തിരികെ എടുക്കുന്നത് | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 4 | ശ്രീ. വി. ടി. ബൽറാം | പറക്കുളം വ്യവസായ പാർക്കിന്റെ സ്ഥല വിനിയോഗം | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 5 | ശ്രീമതി പി. അയിഷാ പോറ്റി | കൊട്ടാരക്കരയിലുണ്ടായ തീപിടുത്തത്തിൽ നഷ്ടമുണ്ടായ കടയുടമകൾക്ക് നഷ്ടപരിഹാരം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 6 | ശ്രീ. ചിറ്റയം ഗോപകുമാർ | നെടുംകുന്ന് മല ഭൂമി കൈമാറ്റം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 7 | ശ്രീ. ആന്റണി ജോൺ | കുട്ടമ്പുഴ പഞ്ചായത്തിലെ പട്ടയ വിതരണം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 8 | ശ്രീ. പി. വി. അൻവർ | പുന്നപ്പുഴയ്ക്ക് കുറുകെ അറം പുളിക്കടവിൽ ചെക്ക് ഡാം ബ്രിഡ്ജ് നിർമ്മാണം | ജലവിഭവ വകുപ്പുമന്ത്രി |
| 9 | ശ്രീ. കെ. ബി. ഗണേഷ് കുമാർ | എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് -കാലതാമസം | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 10 | ശ്രീ. ഹൈബി ഈഡൻ | പ്രളയത്തിൽ ജീവനോപാധി നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം | മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി |

<u>റിപ്പോർട്ടുകളുടെ സമർപ്പണം</u> :

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു :

(1) ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV ന്റെ പ്രത്യേക റിപ്പോർട്ട്.

(2) കുടുംബശ്രീ യൂണിറ്റുകളുടെ ശാക്തീകരണവും വിപുലീകരണവുമായി ബന്ധപ്പെട്ട നടപടികൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പ്രത്യേക റിപ്പോർട്ട്.

(3) എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പതിനെട്ടാമതും, പത്തൊമ്പതാമതും റിപ്പോർട്ടുകൾ.

(4) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഇരുപത്തി എട്ട് മുതൽ മുപ്പത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ.

(5) സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ പതിനേഴാമത് റിപ്പോർട്ട്.

(6) ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട്.

<u>റിപ്പോർട്ട് പരിഗണന</u> :

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന :

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം സ്വകാര്യവത്ക്കരിക്കാനുള്ള കേന്ദ്ര സർക്കാർ നീക്കം സംബന്ധിച്ച് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ചട്ടം 300 അനുസരിച്ചുള്ള ഒരു പ്രസ്താവന മേശപ്പുറത്തുവച്ചു.

നിയമനിർമ്മാണകാര്യം :

I 2018-ലെ കേരള മെട്രോപോളിറ്റൺ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ

ഗതാഗത വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രൻ 2018-ലെ കേരള മെട്രോപോളിറ്റൺ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ അവതരിപ്പിച്ചു. തുടർന്ന് മന്ത്രി ബിൽ സബ്ജക്ട് കമ്മിറ്റി V-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയവും അവതരിപ്പിച്ചു. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ പ്രസ്തുത ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയ്ക്കണമെന്ന ഭേദഗതി അവതരിപ്പിച്ചു. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിക്കുകയും ബിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉൾക്കൊള്ളുന്ന സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

(1) ശ്രീ. എ. കെ. ശശീന്ദ്രൻ, ഗതാഗതവകുപ്പുമന്ത്രി

(2) ശ്രീ. കെ. വി. അബ്ദുൾ ഖാദർ

(3) ശ്രീ. വി. അബ്ദുറഹിമാൻ

(4) ശ്രീ. ജോൺ ഫെർണാണ്ടസ്

(5) ശ്രീ. എ. പ്രദീപ്കുമാർ

(6) ശ്രീമതി പി. അയിഷാ പോറ്റി

(7) ശ്രീ. എ. എൻ. ഷംസീർ

(8) ശ്രീ. പി. ടി. തോമസ്

(9) ശ്രീ. ഹൈബി ഈഡൻ

(10) ശ്രീ. വി. എസ്. ശിവകുമാർ

(11) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

(12) ശ്രീ. ടി. എ. അഹമ്മദ് കബീർ

(13) ശ്രീ. സി. ദിവാകരൻ

(14) ശ്രീ. മുല്ലക്കര രത്നാകരൻ

(15) ശ്രീ. സി. കെ. നാണു

II സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള സ്പോർട്സ് ഭേദഗതി ബിൽ

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി ശ്രീ. ഇ. പി. ജയരാജൻ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിച്ചു. ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. എം. നൗഷാദ് അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു. പ്രമേയം സഭ അംഗീകരിക്കുകയും ബിൽ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ പാസ്സാക്കുകയും ചെയ്തു.

മൂന്നാം വകുപ്പ് :

1. ഖണ്ഡം 3(എ)(i)പ്രകാരം പ്രധാന ആക്റ്റിന്റെ വകുപ്പ് 3(3)-ൽ, "തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ ചേർക്കാനുദ്ദേശിക്കുന്ന ഇനം (ബി)-ക്ക് ശേഷമുള്ള ക്ലിപ്തനിബന്ധനയിൽ "ഏതൊരാളും" എന്നതിനു പകരം "യാതൊരാളും" എന്നത് ചേർക്കുക.

2. ഖണ്ഡം 3 (എ) (ii)-ൽ, "(കെ) വരെയുള്ള ഖണ്ഡങ്ങൾ" എന്ന വാക്കുകൾക്കു ശേഷം "യഥാക്രമം" എന്ന വാക്ക് ചേർക്കുക.

3. ഖണ്ഡം 3 (സി) പ്രകാരം പ്രധാന ആക്റ്റിന്റെ വകുപ്പ് 3 (7)-ൽ ചേർക്കാനുദ്ദേശിക്കുന്ന വിശദീകരണത്തിൽ, "അല്ലാതായിതീർന്നെന്ന" എന്ന വാക്കിനു പകരം" അല്ലാതായി തീർന്നുവെന്ന" എന്ന വാക്ക് ചേർക്കുക.

4. ഖണ്ഡം 3 (ഡി) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(8)-ൽ, " ഏതൊരാളും" എന്നതിനു പകരം "യാതൊരാളും " എന്നത് ചേർക്കുക.

അഞ്ചാം വകുപ്പ് :

5. ഖണ്ഡം 5 (എ) (i) ഒഴിവാക്കുക.

ഏഴാം വകുപ്പ് :

6. ഖണ്ഡം 7 (ഇ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 9 (7)-ൽ, "ഏതൊരാളും " എന്നതിനു പകരം "യാതൊരാളും " എന്നത് ചേർക്കുക.

പന്ത്രണ്ടാം വകുപ്പ് :

7. പ്രധാന ആക്റ്റിലെ വകുപ്പ് 14(1)-ൽ, "അഡ്മിനിസ്ട്രേറ്റീവ് ബോർഡിന്റെ" എന്നതിന് പകരം "സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ" എന്ന് ചേർക്കുക.

<u>പതിമൂന്നാം വകുപ്പ്</u> :

8. ഖണ്ഡം 13-ൽ, "എന്നിട്ട്" എന്ന വാക്കിന്റെ പകരം "എന്നീ" എന്ന വാക്ക് ചേർക്കുക.

<u>മുപ്പത്തിരണ്ടാം വകുപ്പ്</u> :

9. <u>" 41- ാം വകുപ്പിന്റെ ഭേദഗതി</u> - പ്രധാന ആക്റ്റിലെ 41-ാം വകുപ്പിൽ,-(എ)(1)-ാം ഉപവകുപ്പിന്റെ പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്;

അതായത് :—

"(1) സർക്കാർ വിജ്ഞാപനം വഴി,—" "

എന്നതിന്റെ പകരം

"41- ാം വകുപ്പിന്റെ ഭേദഗതി,—പ്രധാന ആക്റ്റിലെ 41-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിന്റെ പകരം താഴെപറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :— " (1) സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി,—" " എന്നു ചേർക്കുക.

2018 ഡിസംബർ 12-ാം തീയതി ബുധനാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി രാവിലെ 9.59-ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

# FOURTEENTH KERALA LEGISLATIVE ASSEMBLY

## Thirteenth Session

# BULLETIN—PART I

(Brief Record of Proceedings)

*Tuesday, December 11, 2018*

**No. 149**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

[At the Commencement of the Question Hour, itself the Members belonging to the opposition trooped into the well of the House demanding withdrawal of the prohibitory order in Sabarimala, raising slogans and continuously trying to obstruct the proceedings of the House.]

*Questions :*

Two questions in the list of questions posted for the day were answered orally.

[As it was difficult to carry on the business of the House in an orderly manner, the Speaker suspended the remaining part of Question Hour and proceeded to the next business.]

*Calling Attention :*

1. Shri Raju Abraham had given a notice to call the attention of the Minister for Water Resources to the necessity to implement the second phase of Pampa Action Plan to revive river Pampa. The Minister laid on the table a statement thereto.

2. Shri Abdul Hameed. P. had given a notice to call the attention of the Chief Minister to the necessity to take steps to solve the reluctance, shown by banks in the State, in granting educational loan. The Chief Minister laid on the table a statement thereto.

KNPP. 2/2019(ii).

*The Matters under Rule 304:*

The Ministers concerned laid on the table statements on the following matters under Rule 304 :

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. എൻ. എ. നെല്ലിക്കുന്ന് | ഇതര സംസ്ഥാന ആശുപത്രികളിൽ ജനിക്കുന്ന കേരളത്തിൽ സ്ഥിര താമസക്കാരായ മാതാപിതാക്കളുടെ കുട്ടികളുടെ ജനന സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ | മുഖ്യമന്ത്രി |
| 2 | ശ്രീ. എൻ. ഷംസുദ്ദീൻ | ആൾക്കൂട്ട ആക്രമണം തടയുന്നതിനുള്ള നിയമനിർമ്മാണവും ബോധവത്കരണവും | മുഖ്യമന്ത്രി |
| 3 | ശ്രീ. ബി. ഡി. ദേവസ്സി | കൊരട്ടിയിലെ വൈഗാ ത്രെഡ്സ് കമ്പനിക്ക് സർക്കാർ നൽകിയ സ്ഥലം തിരികെ എടുക്കുന്നത് | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 4 | ശ്രീ. വി. ടി. ബൽറാം | പറക്കുളം വ്യവസായ പാർക്കിന്റെ സ്ഥല വിനിയോഗം | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 5 | ശ്രീമതി പി. അയിഷാ പോറ്റി | കൊട്ടാരക്കരയിലുണ്ടായ തീപിടുത്തത്തിൽ നഷ്ടമുണ്ടായ കടയുടമകൾക്ക് നഷ്ടപരിഹാരം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 6 | ശ്രീ. ചിറ്റയം ഗോപകുമാർ | നെടുംകുന്ന് മല ഭൂമി കൈമാറ്റം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 7 | ശ്രീ. ആന്റണി ജോൺ | കുട്ടമ്പുഴ പഞ്ചായത്തിലെ പട്ടയ വിതരണം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 8 | ശ്രീ. പി. വി. അൻവർ | പുന്നപ്പുഴയ്ക്ക് കുറുകെ അറം പുളിക്കടവിൽ ചെക്ക് ഡാം ബ്രിഡ്ജ് നിർമ്മാണം | ജലവിഭവ വകുപ്പുമന്ത്രി |
| 9 | ശ്രീ. കെ. ബി. ഗണേഷ് കുമാർ | എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട്-കാലതാമസം | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 10 | ശ്രീ. ഹൈബി ഈഡൻ | പ്രളയത്തിൽ ജീവനോപാധി നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം | മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി |

*Presentation of Reports :*

The following Reports were presented :

(1) The Special Report of the Subject Committee IV on the Public Undertakings namely TRACO Cable Company Ltd. and the Kerala Artisans Development Corporation.

(2) Special Report of the Subject Committee IX on the empowerment and expansion of Kudumbasree units.

(3) Eighteenth and Nineteenth Reports of The Committee on Estimates.

(4) The Twenty Eighth to Thirty Second reports of the Committee on Local Fund Accounts.

(5) The Seventeenth Report of the Committee on Subordinate Legislation.

(6) The Fifth Report of the Committee on Government Assurance.

*Consideration of Report* :

The Second Report of the Committee of Privileges and Ethics was considered and adopted by house.

*Statement under Rule 300*:

Shri Pinarayi Vijayan, Chief Minister laid on the Table a statement under Rule 300 regarding the move of the Central Government to Privatize the Thiruvananthapuram International Airport.

*Legislative Business*:

I The Kerala Metropolitan Transport Authority Bill, 2018

Sri A. K. Saseendran, the Minister for Transport, introduced The Kerala Metropolitan Transport Authority Bill, 2018 and moved that the Bill be referred to Subject Committee V. Shri E. T. Taison Master moved an amendment for reference of the bill to a Select Committee. The amendment moved by Shri E. T. Taison Master was adopted by the House. Then the Bill was referred to a Select Committee comprising of the following Members:

1. Shri A. K. Saseendran, Minister for Transport
2. Shri K. V. Abdul Khader
3. Shri V. Abdurahiman
4. Shri John Fernandez
5. Shri A. Pradeepkumar
6. Smt. P. Aisha Potty
7. Shri A. N. Shamseer
8. Shri P. T. Thomas
9. Shri Hibi Eden
10. Shri V. S. Sivakumar
11. Shri V. K. Ebrahim Kunju
12. Shri T. A. Ahammed Kabeer
13. Shri C. Divakaran
14. Shri Mullakkara Retnakaran
15. Shri C. K. Nanu

II The Kerala Sports (Amendment) Bill, 2018, as reported by the Subject Committee

Shri E. P. Jayarajan, Minister for Industry, Sports and Youth Affairs moved the motion that The Kerala Sports (Amendment) Bill, 2018, as reported by the Subject Committee be taken up for consideration.

Shri M. Noushad moved an amendment to circulate The Kerala Sports (Amendment) Bill, 2018 as reported by the Subject Committee for obtaining public opinion.

The amendment moved was withdrawn by the leave of the House. Then the motion was adopted and the bill was taken up for clause by clause consideration and passed with the following amendments.

*Clause 3*

1. ഖണ്ഡം 3(എ)(i)പ്രകാരം പ്രധാന ആക്റ്റിന്റെ വകുപ്പ് 3(3)-ൽ, "തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ ചേർക്കാനുദ്ദേശിക്കുന്ന ഇനം (ബി)-ക്ക് ശേഷമുള്ള ക്ലിപ്തനിബന്ധനയിൽ "ഏതൊരാളും" എന്നതിനു പകരം "യാതൊരാളും" എന്നത് ചേർക്കുക.

2. ഖണ്ഡം 3(എ) (ii)-ൽ, "(കെ) വരെയുള്ള ഖണ്ഡങ്ങൾ" എന്ന വാക്കുകൾക്കു ശേഷം "യഥാക്രമം" എന്ന വാക്ക് ചേർക്കുക.

3. ഖണ്ഡം 3 (സി) പ്രകാരം പ്രധാന ആക്റ്റിന്റെ വകുപ്പ് 3 (7)-ൽ ചേർക്കാനുദ്ദേശിക്കുന്ന വിശദീകരണത്തിൽ, "അല്ലാതായിതീർന്നെന്ന" എന്ന വാക്കിനു പകരം" അല്ലാതായി തീർന്നുവെന്ന" എന്ന വാക്ക് ചേർക്കുക.

4. ഖണ്ഡം 3 (ഡി) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(8)-ൽ, "ഏതൊരാളും" എന്നതിനു പകരം "യാതൊരാളും " എന്നത് ചേർക്കുക.

*Clause 5*

5. ഖണ്ഡം 5(എ)(i) ഒഴിവാക്കുക.

*Clause 7*

6. ഖണ്ഡം 7 (ഇ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 9(7)-ൽ, " ഏതൊരാളും " എന്നതിനു പകരം "യാതൊരാളും " എന്നത് ചേർക്കുക.

*Clause 12*

7. പ്രധാന ആക്ടിലെ വകുപ്പ് 14(1)-ൽ, "അഡ്മിനിസ്ട്രേറ്റീവ് ബോർഡിന്റെ" എന്നതിന് പകരം "സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ" എന്ന് ചേർക്കുക.

*Clause 13*

8. ഖണ്ഡം 13-ൽ, "എന്നിട്ട്" എന്ന വാക്കിന്റെ പകരം "എന്നീ" എന്ന വാക്ക് ചേർക്കുക.

*Clause 32*

9. "41- ാം വകുപ്പിന്റെ ഭേദഗതി.— പ്രധാന ആക്ടിലെ 41-ാം വകുപ്പിൽ,— (എ)(1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്,

അതായത് :—

"(1) സർക്കാർ വിജ്ഞാപനം വഴി,— " "

എന്നതിനു പകരം

"41- ാം വകുപ്പിന്റെ ഭേദഗതി,—പ്രധാന ആക്ടിലെ 41-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :— " (1) സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി,—" " എന്നു ചേർക്കുക.

The House adjourned at 9. 59 a.m. to meet again at 9.00 a.m. on Wednesday December 12, 2018.

V. K. BABU PRAKASH,
*Secretary.*